# പതിനാലാം കേരളനിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 116 | 07.08.2017-ൽ മറുപടിക്ക്

## മണലൂർ എം.എൽ.എയുടെ ഓഫീസിലേക്ക് നടത്തിയ മാർച്ച്

**ചോദ്യം**

**ശ്രീ.മുരളി പെരുനെല്ലി**

2017 ജൂലൈ 24-ാം തീയതി രാവിലെ 10 മണി മുതൽ 11.30 വരെ മണലൂർ എം.എൽ.എയുടെ ഓഫീസിലേക്ക് മാർച്ച് സംഘടിപ്പിച്ചതുമായി ബന്ധപ്പെട്ട് റോഡിൽ മാർഗ്ഗതടസ്സം ഉണ്ടാക്കിയവർക്കെതിരെ പോലീസ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

**മറുപടി**

**ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)**

കർഷകർക്ക് നെല്ലിന്റെ സംഭരണ വില ലഭിക്കുന്നില്ല എന്നാരോപിച്ച് 24.07.2017 തീയതി രാവിലെ 10.00 മണിയ്ക്ക് ഡി.സി.സി. ഭാരവാഹി ശ്രീ.വേണു, മുല്ലശ്ശേരി പഞ്ചായത്ത് മെമ്പർ ശ്രീ.രാജൻ എന്നിവരുടെ നേതൃത്വത്തിൽ സുമാർ 30ഓളം വരുന്ന കോൺഗ്രസ്സ് പ്രവർത്തകർ പൂവ്വത്തൂർ ബസ് സ്റ്റാന്റിന് അകത്തുള്ള ശ്രീ.മുരളി പെരുനെല്ലി, എം.എൽ.എ. യുടെ ഓഫീസിലേയ്ക്ക് മുല്ലശ്ശേരി ബ്ലോക്ക് പരിസരത്തുനിന്നും മാർച്ച് നടത്തിയിട്ടുള്ളതും, പ്രസ്തുത മാർച്ച് എം.എൽ.എ. ഓഫീസിൽ നിന്നും സുമാർ 100 മീറ്റർ കിഴക്ക് മാറി പൂവ്വത്തൂർ ജംഗ്ഷന് സമീപം വെച്ച് പോലീസ് തടഞ്ഞിട്ടുള്ളതുമാണ്.

Deepak

സെക്ഷൻ ഓഫീസർ